**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5028** **20-07-2022 - ൽ മറുപടിയ്ക്ക്**

**ചൂണ്ടൽ വില്ലേജിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പട്ടയം നൽകി എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ചൂണ്ടൽ വില്ലേജിലെ റീസർവ്വേ നമ്പർ 410/4, 413/1 എന്നിവയിൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന അഞ്ച് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർ, താലൂക്ക് സർവ്വേയർ, ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി എന്നിവർ 10.11.2021-ന് സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ വിഷയത്തിൽ ചൂണ്ടൽ വില്ലേജ് റിസർവ്വെ നമ്പർ 410/4, 413/1 എന്നിവയിൽപ്പെട്ട പുറമ്പോക്ക് ഭൂമികളിൽ ടി ഭൂമി പഞ്ചായത്ത് വകുപ്പിൽ നിന്നും ഡിവെസ്റ്റ് ചെയ്ത് ലഭിക്കുന്നതിന് കുന്നംകുളം തഹസിൽദാർ ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. തുടർന്ന് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവു പ്രകാരം കുന്നംകുളം തഹസിൽദാർ, ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി, താലൂക്ക് സർവ്വെയർ, ചൂണ്ടൽ വില്ലേജ് ഓഫീസർ എന്നിവർ ചേർന്ന് 10.11.2021 ന് സംയുക്തപരിശോധന നടത്തിയിട്ടുള്ളതാണ്. ചൂണ്ടൽ വില്ലേജ് റീസർവ്വെ 410/4 ബി ടി ആർ പ്രകാരം കുളം പുറമ്പോക്കിൽ 4 കുടുംബങ്ങളും 413/1 വഴി പുറമ്പോക്കിൽ ഒരു കുടുംബവും 50 വർഷത്തോളമായി വീട് വെച്ച് താമസിച്ചു വരുന്നതും കൈവശഭൂമി പതിവിന് അനുയോജ്യമായതും അപേക്ഷകർ പട്ടയം ലഭിയ്ക്കുന്നതിന് അർഹരുമാണ് കൈവശക്കാരുടെ പേരുവിവരം കൈവശഭൂമിയുടെ വിസ്തീർണ്ണം എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു. മേൽപ്പറഞ്ഞ കൈവശവും വിസ്തീർണ്ണവും ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി പുനർനിക്ഷിപ്തം ചെയ്ത് ലഭിയ്ക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ ആരംഭിയ്ക്കാവുന്നതാണ്. മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് തീയതിയിൽ 07.03.2022 തീയതിയിൽ ബി5-113336/2019 നമ്പർ കത്തു പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് വകുപ്പിൽ നിന്നും മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഭൂമി പുനർനിക്ഷിപ്തം ചെയ്ത് ലഭിച്ചാൽ മാത്രമാണ് പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടികൾ ആരംഭിയ്ക്കാൻ സാധിക്കുകയുള്ളൂ.. |

| ക്രമ നം. | പേരും വിലാസവും | റീസർവ്വെ നം. | വിലസ്തീർണം ഹെക്ടറിൽ | ഇനം |
|---|---|---|---|---|
| 1 | കുഞ്ഞുമോൾ W/o കണ്ണൻ, ചോറാംപ്പിള്ളി വീട്, ചൂണ്ടൽ | 413/1 | 0.0309 | വഴി പുറമ്പോക്ക |
| 2 | അനുരുദ്ധൻ S/o വാസു, പേരകത്ത വീട്, ചൂണ്ടൽ | 410/4 | 0.0191 | കുളം പുറമ്പോക്ക |
| 3 | തങ്കമണി W/o വറീത്, | 410/4 | 0.0409 | കുളം |

| | | | | |
|---|---|---|---|---|
| | കഴപ്പിള്ളി വീട്, ചുണ്ടൽ | | | പുറമ്പോക്ക |
| 4 | തങ്കമണി W/o വറീത്,<br>കഴപ്പിള്ളി വീട്, ചുണ്ടൽ | 410/4 | 0.0100 | കുളം<br>പുറമ്പോക്ക |
| 5 | ജോസ് S/o വറുതുണ്ണി,<br>മുട്ടത്ത് വീട്, ചുണ്ടൽ | 410/4 | 0.0425 | കുളം<br>പുറമ്പോക്ക |

സെക്ഷൻ ഓഫീസർ